**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **07-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ നെൽകൃഷിക്കാവശ്യമായ ജലവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ നെൽകൃഷിക്കാവശ്യമായ ജലവിതരണം തടസ്സപ്പെടുന്ന നിലയിൽ കനാലുകളിലും ചാലുകളിലും പാഴ്ചെടികളും മണ്ണും മറ്റിതര പാഴ്വസ്തുക്കളും അടിഞ്ഞ് കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ MGNREGS മുഖേന നിലവിൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ കനാൽ ശുചീകരണ ത്തിന് ഫണ്ട് നൽകേണ്ടതായിട്ടുണ്ട്. 19/11/2022 ന് ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടേയും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ കനാൽ ശുചീകരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ആലോചിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22/11/2022 ന് ബഹു. മലമ്പുഴ എം എൽ എ യുടെ സാന്നിദ്ധ്യ-ത്തിൽ മലമ്പുഴ പദ്ധതിയുടെ PAC യോഗം ചേരുകയും ജില്ലാ പഞ്ചായത്തിൽ നിന്നു ഒരു കോടി രൂപ അനുവദിക്കുമെന്ന ഉറപ്പിന്മേൽ, ജലസേചന വകുപ്പ് കനാലുകൾ വൃത്തിയാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കനാലുകൾ വൃത്തിയാക്കുന്നതിനുള്ള ഷോർട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും വൃത്തിയാക്കൽ പ്രവൃത്തി നടന്നു വരികയും ചെയ്യുന്നു.**<br><br>കനാലുകളിൽ അടിഞ്ഞു കൂടിയ മണ്ണും മറ്റിതര പാഴ്വസ്തുക്കളും നീക്കം ചെയ്ത് കനാൽ വൃത്തിയാക്കൽ പ്രവർത്തികളുടെ ഫണ്ടിനായുള്ള **പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്** |
| (ബി) | ആയത് നീക്കം ചെയ്യുന്നതിനായി ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | **ഉണ്ട്. ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ MGNREGS മുഖേന നിലവിൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ കനാൽ ശുചീകരണ ത്തിന് ഫണ്ട് നൽകേണ്ടതായിട്ടുണ്ട്. 19/11/2022 ന് ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടേയും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ** |

| | | | |
|---|---|---|---|
| | | | **നടന്ന യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ കനാൽ ശുചീകരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ആലോചിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22/11/2022 ന് ബഹു. മലമ്പുഴ എം എൽ എ യുടെ സാന്നിദ്ധ്യ-ത്തിൽ മലമ്പുഴ പദ്ധതിയുടെ PAC യോഗം ചേരുകയും ജില്ലാ പഞ്ചായത്തിൽ നിന്നു ഒരു കോടി രൂപ അനുവദിക്കുമെന്ന ഉറപ്പിന്മേൽ, ജലസേചന വകുപ്പ് കനാലുകൾ വൃത്തിയാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കനാലുകൾ വൃത്തിയാക്കുന്നതിനുള്ള ഷോർട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും വൃത്തിയാക്കൽ പ്രവൃത്തി നടന്നു വരികയും ചെയ്യുന്നു.**<br><br>കനാലുകളിൽ അടിഞ്ഞു കൂടിയ മണ്ണും മറ്റിതര പാഴ്‌വസ്തുക്കളും നീക്കം ചെയ്ത് കനാൽ വൃത്തിയാക്കൽ പ്രവർത്തികളുടെ ഫണ്ടിനായുള്ള **പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്** |

സെക്ഷൻ ഓഫീസർ